**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 850** **14-01-2021 - ൽ മറുപടിയ്ക്ക്**

**മണിയാർ-കട്ടച്ചിറ, തണ്ണിതോട്-മണ്ണീറ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.യു. ജനീഷ് കുമാർ | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വനംവകുപ്പിന്റെ അധീനതയിലുള്ള മണിയാർ-കട്ടച്ചിറ റോഡ് (ചിറ്റാർ പഞ്ചായത്ത്), തണ്ണിതോട്-മണ്ണീറ റോഡ് (തണ്ണിതോട് പഞ്ചായത്ത്) എന്നിവ ബി.എം.ബി.സി. നിലവാരത്തിൽ നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) | 1. വനം വകുപ്പിന്റെ അധീനതയിലുള്ള മണിയാർ - കട്ടച്ചിറ റോഡ് നവീകരിക്കുന്നത് സംബന്ധിച്ച് വിശദമായ അടങ്കൽ ലഭ്യമായെങ്കിൽ മാത്രമെ മേൽ റോഡ് ഏതു നിലവാരത്തിലാണ് പുനർനവീകരിക്കേണ്ടതെന്ന് വ്യക്തമാവുകയുള്ളൂ. 2. തണ്ണിത്തോട് പഞ്ചായത്തിൽപ്പെടുന്ന തണ്ണിത്തോട്-മണ്ണീറ റോഡ് മുണ്ടോമൂഴി പാലം മുതൽ കൊക്കാത്തോട് ഫോറസ്റ്റ് സ്റ്റേഷൻ ക്വാർട്ടേഴ്സ് വരെ ഉദ്ദേശം 1 കി.മീ ഓളം നീളം വരുന്നതാണ്. ഈ റോഡ് പൂർണ്ണമായും റിസർവ്വ് വനത്തിൽ കൂടി കടന്നുപോകുന്നതും കോന്നി, നടുവത്തുമൂഴി റെയിഞ്ചുകളുടെ അധികാര പരിധിയിൽ വരുന്നതുമാണ്. ഈ റോഡിന്റെ അറ്റകുറ്റ പണികൾക്കായി 28.12.2020 ൽ 4406-01-070. 99-Roads ബഡ്ജറ്റ് ഹെഡിൽ തുക ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തയ്യാറാക്കി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബി..എം.ബി.സി നിലവാരത്തിൽ നിർമിക്കുന്ന കാര്യം വനം വകുപ്പിന്റെ പരിഗണനയിൽ ഇല്ല. |
| (ബി) | അതിന്റെ നടപടിക്രമങ്ങൾ തുടങ്ങിയോ; നിലവിലെ സ്ഥിതി അറിയിക്കുമോ? | (ബി) | 1. മണിയാർ-കട്ടച്ചിറ റോഡിന്റെ പുനർനവീകരണവുമായി ബന്ധപ്പെട്ട് വിശദമായ അടങ്കൽ ലഭ്യമായിട്ടില്ല. വിശദമായ അടങ്കൽ ലഭ്യമായെങ്കിൽ മാത്രമേ നിലവിലുള്ള റോഡ് ഏത് രീതിയിലാണ് പുനർനവീകരി ക്കേണ്ടതെന്ന് വ്യക്തമാവുകയുള്ളൂ. 2. തണ്ണിത്തോട് - മണ്ണീറ റോഡിന്റെ നപടിക്രമം ആരംഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തയ്യാറാക്കി ടെൻഡർ ചെയ്യാൻ നടപടി എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ